

# എന്റെ കേരളം



- പുഴ
- തോട്
- മോടി
- മലര്
- കാട്
- കാട്ടുചോല
- മണിമേട്

- കടല്
- കായല്
- നീലമല
- വയല്
- പീലി
- കുളിര്
- തിങ്ങി

- വെള്ളിയരഞ്ഞാണം
- തുള്ളിക്കളിക്കുക
- കോരിത്തരിക്കുക
- കേരമരതകത്തോപ്പ്
- എന്റെ
- കേരളം
- ഭംഗി

ദിവാകരൻ.പി

# എന്റെ കേരളം

പാടും പുഴകൾ.
മോടി കൂടും മലരണിക്കാട്.
കളകളം പാടും കാട്ടുചോല.
തുള്ളിക്കളിക്കുന്ന കടൽ.
കായലും നീലമലയും.
കോരിത്തരിക്കുന്ന വയൽ.
പീലിനിവർത്തിയാടുന്ന തെങ്ങിൻതോപ്പ്.







# എന്റെ കേരളം



എന്റെ നാട്ടിൽ പാട്ടുപാടിയൊഴുകുന്ന
പുഴകളും തോടുകളുമുണ്ട്.

ചന്തമുള്ള പൂക്കൾ വിരിഞ്ഞു
നിൽക്കുന്ന കാടുണ്ട്.

കളകളമൊഴുകുന്ന
കാട്ടുചോലകളുണ്ട്.



തിരമാലകളടിക്കുന്ന കടലും
കായലും ഉയർന്ന നീലമലകളുമുണ്ട്.

കാറ്റിൽ കോരിത്തരിക്കുന്ന വയലും
ഓലകൾ വീശിയാടുന്ന തെങ്ങിൻ
തോപ്പുകളുമുണ്ട്.

ഇതെല്ലാമുള്ള എന്റെ കേരളം എത്ര
സുന്ദരമാണ്!





ദിവാകരൻ.പി

# എന്റെ കേരളം

എന്റെ നാട്ടിൽ പാടുന്ന പുഴകളും തോടുകളും ഉണ്ട്. അവ ചിന്നിച്ചിതറി ഒഴുകുന്നു. ചന്തമുള്ള മലരണിക്കാടുകൾ എന്റെ നാടിന്റെ മോടി കൂട്ടുന്നു. കളകളം പാടുന്ന കാട്ടുചോലകളും ഭംഗിയുള്ള മേടുകളും എന്റെ നാട്ടിലുണ്ട്. വെള്ളിയരഞ്ഞാണു പോലെ തുള്ളിക്കളിക്കുന്ന കടൽ കാഴ്ച അതിമനോഹരമാണ്. കായലുകളും നീലമലയും കാണാൻ എന്തു ചന്തമാണ്. മലകൾ മാനം മുട്ടെ വലുതാണ്. പച്ചപ്പട്ടു വിരിച്ചതു പോലെ കോരിത്തരിച്ച വയലുകൾ ഉണ്ട്. പീലി വിടർത്തിയാടുന്ന കേരമരതകത്തോപ്പുകൾ ഉണ്ട്. ഇവയെല്ലാമുള്ള എന്റെ കേരളം എത്ര സുന്ദരമാണ്.

# എന്റെ നാട്

എന്നുടെ നാട് മലയാളം
കുന്നുകൾ നിറയും മലയാളം
കളകളമൊഴുകും പുഴയുണ്ട്
പുഴയിൽ വള്ളം കളിയുണ്ട്
കൊമ്പനിറങ്ങും കാടുണ്ട്
കാട്ടാറുകളുടെ പാട്ടുണ്ട്
കൂ കൂ കൂകും കുയിലുണ്ട്
കുറു കുറു കുറുകും പ്രാവുണ്ട്
ഓലേഞ്ഞാലിക്കിളിയുണ്ട്
പീലിവിടർത്തും മയിലുണ്ട്
എന്നുടെ നാട് മലയാളം
നന്മകൾ നിറയും മലയാളം
ചെമ്മേറുന്നൊരു മലയാളം
അമ്മ നമുക്കീ മലയാളം !

ദിവാകരൻ.പി